# കേരള സർവകലാശാല

നം. പി.ആർ.112/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.റ്റി , ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗാമുകളിലേക്ക് (2018-19) പ്രവേശനത്തിന് ഓൺലൈൻ (http://admissions.keralauniversity.ac.in) രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും 2018-19 വർഷത്തെ ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തും. എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും എസ്.സി/എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലകസംവിധാനം വഴി തന്നെയായിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, ഭിന്നശേഷിയുള്ളവർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ, സ്പോർട്സ് ക്വാട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പറുകൾ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

### ഓൺലൈൻ അപേക്ഷയിലെ തെറ്റുകൾ തിരുത്തുവാൻ

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോഴുണ്ടാകുന്ന തെറ്റുകൾ രജിസ്ട്രേഷൻ കാലയളവിൽ വിദ്യാർത്ഥികൾക്ക് അവരവരുടെ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തു പരിഹരിക്കാവുന്നതാണ്. രജിസ്ട്രേഷൻ പൂർത്തികരിച്ച ശേഷം അതിന്റെ പ്രിന്റൗട്ട് സൂക്ഷിക്കണം.

### പ്രത്യേക ശ്രദ്ധയ്ക്ക്

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴിയോ വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന പ്രത്യേക ചെലാൻ ഉപയോഗിച്ച് എസ്.ബി.ഐ വഴിയോ മാത്രം അടയ്ക്കണം. ഡി.ഡി, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാം. ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി, ഓരോ അലോട്ട്മെന്റുകളുടേയും തീയതി എന്നിവ സി.ബി.എസ്.ഇ തുടങ്ങി മറ്റ് ബോർഡുകളുടെ പ്ലസ്ടു പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം വിജ്ഞാപനം ചെയ്യുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവക ലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമ യത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

കേരള ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി 2018 വർഷത്തെ പരീക്ഷ പാസായ വിദ്യാർത്ഥികൾ അവരുടെ പേരും രജിസ്റ്റർ നമ്പരും ഓൺലൈൻ അപേക്ഷയിൽ ടൈപ്പ് ചെയ്യുമ്പോൾ തന്നെ അവർക്ക് വിവിധ വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ സ്വമേധയാ തന്നെ രേഖപ്പെടുത്ത പ്പെടും. അത്തരത്തിൽ രേഖപ്പെടുത്തപ്പെട്ട മാർക്കുകൾ തിരുത്തുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കുകയില്ല. പുനർമൂല്യനിർണയം വഴിയോ മറ്റോ മാർക്കുകൾക്ക് മാറ്റം വന്നാൽ സർവകലാശാലയുടെ അറിവോടെ മാത്രമേ തിരുത്തുകൾ വരുത്തുവാൻ സാധിക്കുകയുള്ളൂ.

കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിലെ Press Releases എന്ന ലിങ്ക് സന്ദർശിക്കുക.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## എൽ.എൽ.ബി ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നനതിനുള്ള അവ സരം

എൽ.എൽ.ബി ത്രിവത്സര, പഞ്ചവത്സര കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന തും, കോഴ്സ് പൂർത്തിയാക്കുകയും എന്നാൽ പരീക്ഷയിൽ തോറ്റതുമായ വിദ്യാർത്ഥികൾക്ക് (മേഴ്സി ചാൻസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ) ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള അവസരം നൽകും. സെമസ്റ്റർ ഒന്ന്, മൂന്ന്, അഞ്ച് ത്രിവത്സര എൽ.എൽ.ബി കോഴ്സിലും സെമസ്റ്റർ ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് & ഒൻപത് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അപേക്ഷിക്കാം. മേഴ്സി ചാൻസിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് എല്ലാ സെമസ്റ്റർ വിഭാഗങ്ങളിലേക്കും ആറ് മാസത്തിനകം അപേക്ഷിക്കാം. ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവിശ്യം മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

ഒരു പേപ്പറിന് 500/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2000/- രൂപ അടയ്ക്കണം. ഇതിൽ 100/- രൂപ സർവകലാശാല ഫണ്ടിൽ (കെ.യു.എ ഫ്) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം പ്രിൻസിപ്പളിന്റെ അനുമതിയോടുകൂടി ജൂൺ 20-നോ അതിനു മുമ്പോ സർവകലാശാലയിൽ സമർപ്പിക്കണം. അപേക്ഷ ഫോറവും മറ്റ് വിശദവിവരവും യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19; സ്പോർട്സ് ക്വാട്ട

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ 2018-19 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം സ്പോർട്സിലെ മികവ് തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. വിദ്യാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ കോളേജുകളിൽ അപേക്ഷകൾ സമർപ്പിക്കാം. ഇതിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല. ഓൺലൈൻ അപേക്ഷയുടെ അവസാന തീയതിക്ക് മുൻപ് അപേക്ഷകൾ കോളേജുകളിൽ സമർപ്പിക്കണം. രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി പിന്നീട് അറിയിക്കും.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19; കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ 2018-19 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പും, അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. എയ്ഡഡ് കോളേജുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഇത്തരം സീറ്റുകളിലേയ്ക്ക് അപേക്ഷിക്കാം. മെറിറ്റ് അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതും, ശേഷം പ്രവേശനം നടത്തുന്നതും ബന്ധപ്പെട്ട കോളേജുകളിൽ ആയതിനാൽ അപേക്ഷകൾ സർവകലാശാലയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. ഓൺലൈൻ അപേക്ഷയുടെ അവസാന തീയതിക്ക് മുൻപ് അപേക്ഷകൾ കോളേജുകളിൽ സമർപ്പിക്കണം. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാനതീയതി പിന്നീട് അറിയിക്കും.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ബി.ടെക് സൂക്ഷ്മപരിശോധന

2017 മേയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെയും ഫെബ്രുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ പാർട്ട് ടൈം റീസ്ട്രക്ചേർഡ് (2008 സ്കീം) പരീക്ഷയുടെയും ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി മേയ് 19-നും 26-നും ഇടയ്ക്കുള്ള പ്രവർത്തി ദിനങ്ങളിൽ ബി.ടെക് റീ-വാല്യുവേഷൻ സെക്ഷനിൽ ഹാജരാകണം.

## ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണം

സർവകലാശാല ക്യാമ്പസുകളിലും സർവകലാശാലയുടെ കീഴിലുള്ള വിവിധ സെന്ററുകൾ/കോളേജുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഭക്ഷണശാലകളിൽ FSSAI ലൈസൻസ്, General Hygiene & Sanitary Practices (GHSP) എന്നീ മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് Food Safety & Standards Authority of India നിഷ്കർഷിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷാഫലം

തുടർവിദ്യാഭ്യാസവ്യാപന കേന്ദ്രം ഫെബ്രുവരിയിൽ നടത്തിയ പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശ്രീന.ബി.എസ്സ് (രജിസ്റ്റർ നമ്പർ: 11555) ഒന്നാം റാങ്ക് നേടി.

ഫെബ്രുവരിയിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആന്റ് കോംപയറിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വൃന്ദാ മോഹൻ (രജിസ്റ്റർ നമ്പർ: 11575) ഒന്നാം റാങ്ക് നേടി.

ഫെബ്രുവരിയിൽ നടത്തിയ അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഫംങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അൻജു ജോസ് (രജിസ്റ്റർ നമ്പർ: 11629) ഒന്നാം റാങ്ക് നേടി.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (പുതിയ സ്കീം) പരീക്ഷ

തുടർവിദ്യാഭ്യാസവ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ പരീക്ഷകൾ പി.എം.ജിയിലെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിലും കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിലും ജൂൺ 18 മുതൽ 29 വരെ നടത്തും. പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ നാല്, 50 രൂപ പിഴയോടെ ജൂൺ എട്ട്, 250 രൂപ പിഴയോടെ ജൂൺ 12 വരെ അപേക്ഷ സമർപ്പിക്കാം. പിഴയില്ലാതെ പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ നാല്, 100 രൂപ പിഴയോടുകൂടി ജൂൺ 12. പരീക്ഷാഫീസ്: 1170/- രൂപ.

## ബി.പി.എ പ്രാക്ടിക്കൽ,പ്രോജക്ട് മൂല്യനിർണയം,വൈവവോസി

ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.പി.എ വീണ, വയലിൻ-പ്രാക്ടിക്കൽ, പ്രോജക്ട് മൂല്യനിർണയം, വൈവ വോസി പരീക്ഷകൾ ജൂൺ 12-ന് ശ്രീസ്വാതിതിരുനാൾ സംഗീത കോളേജിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി സപ്ലിമെന്ററി പരീക്ഷകൾ

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം ജൂൺ 20, ജൂലൈ മൂന്ന്, ജൂലൈ 12 തീയതികളിൽ ആരംഭിക്കുന്ന എം.എസ്സി കമ്പ്യൂട്ടർ സയൻസ് ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ മേയ് 28, 50 രൂപ പിഴയോടെ മേയ് 31, 125 രൂപ പിഴയോടെ ജൂൺ നാല് വരെ ഫീസടച്ച് ഓൺലൈനായും നേരിട്ടും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
18.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**